

# വികാരിയിൽ നിന്ന് ...

23-11-2018

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ വാത്സല്യം ഉള്ളവരെ,

കർത്താവിൽ വാത്സല്യം ഉള്ളവരെ, സമയവും, തിരമാലകളും ആർക്കുവേണ്ടിയും കാത്തു നിൽക്കുന്നില്ല. വർഷങ്ങളും, മാസങ്ങളും, ദിനങ്ങളും ഒരു വൃക്ഷത്തിൻെറ ഇല പോലെ കൊഴിഞ്ഞുപോകുന്നു. കാലപ്രവാഹത്തിൽ പിടിച്ച് നിൽക്കുന്നത് തന്നെ എത്ര പ്രയാസം. എങ്കിലും ഇമ്മാലുവേൽ ആയവൻ എന്നും നമ്മോടു കൂടെയുണ്ട്. ജീവിതയാത്രയിൽ നമ്മെ നിലനിർത്താൻ "പുരാതനനായ ദൈവം നമ്മുടെ സങ്കേതം കീഴെ ശാശ്വതഭുജങ്ങളുണ്ട്". ഭയപ്പേടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്, ഭ്രമിച്ച് നോക്കേണ്ട ഞാൻ നിൻെറ ദൈവം ആകുന്നു എന്നും യഹോവ യശയ്യാ പ്രവാചകനിലൂടെ നമ്മോട് സംസാരിക്കുന്നു. 2018–ൻെറ അവസാന മാസത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. എത്ര വേഗം ഈ വർഷം പിന്നിടാൻ പോവുകയാണ്. എൻെറ മകൾ രമ്യ മറിയം ജോണിൻെറ വിവാഹം 2018 ഡിസംബർ 1–)0 തീയതി നടക്കുകയാണല്ലോ. ഏവരുടേയും പ്രാർത്ഥനയാണ് ഞങ്ങൾക്ക് അത്യാവശ്യം ആയിരിക്കുന്നത്. നാട്ടിൽ ഈ ദിവസങ്ങളിൽ ഉള്ളവർ ഏവരും ഈ വിശുദ്ധ വിവാഹ ശുശ്രൂഷയിൽ സംബന്ധിക്കണമെ. പിതാക്കന്മാരെ വഴിനടത്തിയ ദൈവം നമ്മെ തൻെറ ഭുജങ്ങളിൽ വഹിച്ച്, തകരാതെ, തളരാതെ നമ്മെ ഏവരേയും അതിശയമായി എപ്പോഴും പരിപാലിക്കും.

ദൈവത്തിൽ ആശ്രയിച്ച് പ്രതീക്ഷ കൈവിടാതെ ജീവിതയാത്ര നമുക്ക് തുടരാം. നാം ഈ ലോകത്തിൽ തീർത്ഥാടകർ മാത്രം. ആരേയും തള്ളിക്കളയാതെ ചേർത്ത് പിടിച്ച് ജീവിതയാത്ര തുടരാം. സ്വർഗ്ഗീയ കനാൻ നമുക്ക് വിദൂരമല്ല. ദൈവം വിശ്വസ്തനാണ്. അവനെ മുറുകെപ്പിടിച്ച് മുന്നേറാം, മുമ്പോട്ട് പോകാം. "ദൈവമേ നീ എൻെറ ദൈവം, നിന്നിൽ ഞാൻ ശരണപ്പെടുന്നു" എന്ന് നമുക്ക് ഏറ്റു പറയാം. ഈ ഡിസംബർ മാസം നാം ധ്യാനിക്കുന്നത് അത്യന്തം ശ്രേഷ്ഠമായ വിഷയങ്ങൾ തന്നെ. എറ്റവും പ്രധാനം 25 നോമ്പ് ആണ്. (ഡിസ.1–25 വരെ). കർത്താവിൻെറ തിരുജനനം, അത് ഒരു വലിയ ചരിത്ര സംഭവമാണ്. സ്വർഗ്ഗം വിട്ടിറങ്ങിയ നമ്മുടെ കർത്താവിൻെറ ജന്മം പാപികളായ നമുക്ക് ഓരോരുത്തർക്കും വേണ്ടിയാണ്. നമ്മെ രക്ഷിക്കുവാൻ ഈ പാപമുള്ള മന്നിൽ മനുചനായി അവൻ അവതരിച്ചു. ദൈവം എത്ര കരുണയുള്ളവനാണ്. ജീവിക്കുന്ന കർത്താവിനെ ജീവിതത്തിലേക്ക് ക്ഷണിച്ച്, ജീവിതം ധന്യമാക്കുന്നതാണ് ജീവിതത്തിൻെറ മഹത്വം. കർത്താവിനെ ഉള്ളിൽ സ്വീകരിക്കുവാൻ നമ്മുടെ മനസ്സിനെ പാകപ്പെടുത്തുന്നതാകട്ടെ ഈ വർഷത്തെ നമ്മുടെ നോമ്പാചരണം. നോമ്പിൻെറ ധന്യത, ജീവിതം കർത്താവിൻെറ കരങ്ങളിൽ ഏൽപ്പിച്ച് അവനെ അനുഗമിക്കുന്നതിലാണ്. ക്രൂശ് എടുക്കാതെ അനുഗമിക്കാൻ ആർക്കും കഴികയില്ല. നിത്യതയിലേക്കുള്ള വഴിയും, വെളിച്ചവും ആണ് കാൽവറി ക്രൂശ്.

ഡിസംബർ 7–)0 തീയതി കർത്താവിനു വഴി ഒരുക്കുന്ന 'യോഹന്നാൻ സ്നാപകൻെറ ജനനം' സംബന്ധിച്ചുള്ളതാണ്. യോഹന്നാൻ സ്നാപകൻെറ പിറവി, ആ കാലഘട്ടത്തിൽ ആ മലനാട്ടിലുള്ള ഏവർക്കും വലിയ സന്തോഷകരമായിരുന്നു. എലിസബത്തിനും, സഖറിയാവിനും ഇത് സ്വപ്ന സാക്ഷാത്കാരം. തന്നയുമല്ല പിറന്നത് ആൺകുട്ടിയും. തൻെറ ശുശ്രൂഷ പിന്തുടരുവാൻ, ഒരാളെ ദൈവം തനിക്ക് തന്നതിലുള്ള സന്തോഷം ഒരു പുരോഹിതനായ സഖര്യാവ് മറച്ച് വെയ്ക്കുന്നില്ല. ആ നാട്ടിലുള്ള എല്ലാവരുമായി ആ ആനന്ദം പങ്കുവെച്ച്, അത് ഒരു ആഘോഷമാക്കി മാറ്റുന്ന സഖറിയാവ്. ഈ വസ്തുത ഇന്നും എന്നും ഓർക്കുന്ന, ഒരു അനശ്വര സംഭവമായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഡിസ. 14 വെള്ളി 'ജോസഫിനോടുള്ള അറിയിപ്പിൻെറ' സുദിനമാണ്. വിശുദ്ധ ലൂക്കോസ് മറിയയേക്കുറിച്ച് മഹത്തരമായ ചില കാര്യങ്ങൾ പറയുമ്പോൾ, അതുപോലെ മത്തായിയും ജോസഫിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് എത്രയോ മഹത്തരമായ വാക്കുകളിലൂടെയാണ്. തിരുകുടുംബം കടന്നു പോകേണ്ടിവന്ന ഏറ്റവും വേദനാജനകവും, സങ്കടകരവും, സങ്കീർണവും, ചോദ്യപ്പെടുന്നതുമായ പ്രതിസന്ധികൾ, വളരെ സരളമായ, എന്നാൽ ഗഹനമായ ഭാഷാ പ്രയോഗത്തിലൂടെ വരച്ച് കാട്ടുകയാണ് ഇവിടെ. വികാരങ്ങളെക്കാൾ വിവേകമാണ് പ്രധാനം എന്ന് ജോസഫ് നമ്മെ പഠിപ്പിക്കുന്നു. പച്ചയായ മനുഷ്യൻെറ വികാരങ്ങളെ ഉള്ളിലൊതുക്കി ദൈവഹിതം ശിരസ്സാവഹിക്കുന്ന ജോസഫ് നീതിമാൻ എന്നതിൽ തർക്കമില്ല. ഡിസ. 21 വെള്ളി "സഭാദിനം" കൂടിയാണ്. 'നമ്മുടെ കർത്താവ് വരുന്നു' എന്നതാണ് ഈ ദിനത്തിലെ ചിന്താവിഷയം. യേശു വചനമായി പിതാവിനോടൊപ്പം ആയിരുന്നു, എന്നാൽ ജഡം ധരിച്ച് മനുഷ്യനായി നമ്മുടെ ഇടയിൽ ഇന്നും പാർക്കുന്നുണ്ട്. വചനം യേശുക്രിസ്തുവായി ചരിത്രത്തിലേക്ക് പ്രവേശിച്ചു. സകല പ്രപഞ്ചത്തിൻേറയും സൃഷ്ടിയുടെ പിന്നിൽ ക്രിസ്തുവിൻെറ കരങ്ങൾ ഉണ്ടായിരുന്നു എന്ന വസ്തുത സുവ്യക്തമാണ്. സഭാദിനത്തിൽ നാം വിശുദ്ധ തോമസ് അപ്പോസ്തലനെ ഓർക്കുന്നു. ഈ ദിനത്തിൽ നാം ഓർക്കേണ്ടത് വിശുദ്ധ തോമസ് അപ്പോസ്തലൻെറ അനുതാപവും ഏറ്റുപറച്ചിലും ആണ്. തൻെറ സംശയം ദൂരീകരിക്കപ്പെട്ടപ്പോൾ, തനിക്ക് പറ്റിയ വലിയ തെറ്റ് ബോധ്യപ്പെട്ടപ്പോൾ വലിയ ശ്രേഷ്ഠമായ വാക്കുകളാണ് ആ നാവിൽ നിന്നും ഉയരുന്നത്. "എൻെറ കർത്താവും എൻെറ ദൈവവുമേ" എന്ന വാക്കുകൾ മാത്രമാണ്. തൻെറ തെറ്റിനെ ന്യായീകരിക്കുവാനുള്ള വിഫലശ്രമം ഇല്ലാത്ത, നാട്യങ്ങളില്ലാത്ത, സമർപ്പണത്തിൻെറ വചസ്സുകൾ ഈ നമുക്കും സ്വീകരിക്കാം.

ഡിസ.24 "ക്രിസ്തുമസ്" ക്രിസ്തു നമ്മുടെ ഉള്ളിൽ ഉരുവാകേണ്ട സുദിനം. 'യൽദോ' രക്ഷകൻെറ ജനനം എന്ന വിഷയം എന്നതാണ് ധ്യാനവിഷയം. ചരിത്രത്തിലേക്ക് പ്രകാശത്തിൻെറ ഉറവിടം ഇറങ്ങിവരുന്നു. ഇരുട്ടിലായിരുന്ന സൃഷ്ടിയെ മുഴുവൻ പ്രകാശിപ്പിക്കുന്ന നീതിയിൻ സൂര്യൻ നമ്മുടെ ഉള്ളിലെ വെറുപ്പും ,കൈപ്പും, വിരോധവും, പിണക്കവും എല്ലാം നീക്കി ക്രിസ്തുവാകുന്ന വെളിച്ചം കൊണ്ട് നമ്മുടെ ഉള്ളങ്ങളെ വെളിച്ചത്തിൻെറ ഇടങ്ങളാക്കി നമുക്ക് രൂപപ്പെടുത്താം.

ഡിസ.31 "വർഷാവസാനം" പുതുവത്സരം നമുക്ക് പഴയതെല്ലാം മറക്കാം. പുതിയ തുടക്കം കുറിക്കാം. 'ദൈവം നമ്മുടെ സഹായകനും, വീണ്ടെടുപ്പുകാരനും' എന്നത് നമ്മുടെ ധ്യാനചിന്തയാണല്ലോ. പുതിയ തുടക്കം, പഴയതിൽ നിന്നും പാഠം ഉൾക്കൊണ്ട്, പരാജയപ്പെടാതെ പ്രതീക്ഷയുടെ കൈത്തിരി തെളിച്ച് നമുക്ക് മുന്നേറാം. സൂക്ഷ്മതയോടെ, ഒരുക്കത്തോടെ, വിനയത്തോടെ, അനുതാപത്തോടെ കൃപയിൽ അരുമനാഥൻെറ കാൽച്ചുവടുകളെ നമുക്ക് പിന്തുടരാം. ക്ഷമിക്കാനുള്ള മനസ്സിനായി പ്രാർത്ഥിക്കാം. മനസ്സ് പുതുക്കി രൂപാന്തരപ്പെടാം.അനുതാപത്തിൻെറ കണ്ണുനീർ അരുമനാഥൻെറ പാദങ്ങളിൽ അർപ്പിക്കാം. ആയതിനു ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ,

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**
ഫോൺ. 39732763,17250630
rev.georgeyohannan@gmail.com